

# നമ്മൾ കണ്ടിരിക്കും

കവിത :ഫെയ്സ് അഹ്മദ് ഫെയ്സ്
വിവ: കെ.പി. ജയശങ്കർ മുംബൈ

നമ്മൾ കണ്ടിരിക്കും,
ഉറപ്പായ് കണ്ടിരിക്കും.
വാഗ്ദാനത്തിൻ ആ ദിവസം,
നിത്യതതൻ പാളിയിലെ ആ ദിവസം.
നമ്മൾ കണ്ടിരിക്കും
ഉറപ്പായ് കണ്ടിരിക്കും
സ്വേച്ഛാധിപത്യത്തിൻ വിശാല ശിഖരങ്ങൾ
പഞ്ഞിപോലന്നു പറപറക്കും
നമ്മൾ കണ്ടിരിക്കും,
ഉറപ്പായ് കണ്ടിരിക്കും.
അടിച്ചമർത്തപ്പെട്ട നമ്മുടെ കാൽക്കീഴിൽ
ഈ ഭൂമിയന്നു കിടുകിടുങ്ങും
ഭരണാധിപതികൾ തൻ തലയിലെല്ലാം
അന്ന് ഇടി ഇടിമിന്നൽ പതിച്ചീടും
നമ്മൾ കണ്ടിരിക്കും,
ഉറപ്പായ് കണ്ടിരിക്കും.
ദൈവത്തിൻ ഉയിരിലെ
അസത്യത്തിൻ വിഗ്രഹങ്ങളന്നു പുറത്താക്കും
വിശുദ്ധ സ്ഥലങ്ങളിൽ വിലക്കപ്പെട്ട നമ്മൾ,
ഇനിയീ ഉച്ച തലങ്ങളിൽ ഇരുന്നീടും.
നമ്മൾ കണ്ടിരിക്കും,
ഉറപ്പായ് കണ്ടിരിക്കും.
കിരീടങ്ങൾ പതിക്കുമ്പോൾ,
സിംഹാസനങ്ങൾ തകരുമ്പോൾ.
നിൻ പേർ മാത്രം നിലനിന്നീടും
കാണാൻ കഴിയാത്ത എന്നാലും ഒപ്പമുള്ള
കാഴ്ചയും നീ, കാണ്മതും നീ,
ഞാൻ തന്നെ സത്യമെന്ന വിളിപാട്-
അത് നിന്നുള്ളിൽ, എന്നുള്ളിൽ ഉയർന്നീടും
ഭരിച്ചീടുമന്ന് ദൈവത്തിൻ സൃഷ്ടികൾ
അത് നീ തന്നെ,
അത് ഞാൻ തന്നെ.
നമ്മൾ കണ്ടിരിക്കും,
ഉറപ്പായ് കണ്ടിരിക്കും.
നമ്മൾ കണ്ടിരിക്കും.

## മാലാഖമാരുടെ പറുദീസയിൽ!

**എസ്.അരുണഗിരി**

പ്രഭാതരശ്മി ജനുവരി ഫെബ്രുവരി ലക്കം സ്വപ്ന കവി കീറ്റ്സ് നിറഞ്ഞു നിൽക്കുന്നു. മഞ്ഞു നിറഞ്ഞ ഏതോ ആശ്ചര്യമട്ടുപ്പാവിലെ അരമനനിഗൂഢതയിൽ നിന്ന് വെളിപ്പെടുന്ന ഫാന്നിബ്രോൺ. കീറ്റ്സിനെ പ്രണയിച്ച വർണ്ണശലഭം. ഹൃദയത്തിൽ പൊതിഞ്ഞു സൂക്ഷിച്ച പ്രണയലേഖനങ്ങളിൽ നിന്ന്, പ്രതിദ്ധ്വനിച്ച കാത്തിരിപ്പിന്റെ യൗവനം വെറും കിനാവുകളാക്കുന്ന നിമിഷങ്ങൾ.

കീറ്റ്സ് മരിച്ച് ഇരുന്നൂറ് വർഷങ്ങൾ കഴിഞ്ഞിട്ടും മരണമില്ലാത്ത പ്രണയവും കവിതയും പ്രകൃതിയിലെ സുന്ദരവസ്തുക്കളിൽ പുനഃർജ്ജനിക്കുന്ന അമാനുഷികത. യുക്തിയെ അമ്പരപ്പിക്കുന്നു. ഇരുപത്താറ്വയസ്സു വരെമാത്രം ഭൂമിയിൽ ജീവിച്ച കവി. മരിച്ചതിന് ശേഷം ഭൂലോകത്ത് അനന്തമായി ജീവിക്കുന്നു. ചെറുപ്പത്തിലേ വിമർശനങ്ങളുടെ കൂരമ്പേറ്റ കവി.

ദീർഘായുസ്സും നിരന്തരശ്രമവുമാണ് നമ്മുടെ അനുഭവത്തിൽ മികച്ചസൃഷ്ടികളുടെ പിൻബലം. ഇവിടെയാണ് അല്പായുസ്സായിരുന്ന കീറ്റ്സ് എന്ന മഞ്ഞു പക്ഷി നമുക്ക് നേരെ ഇന്നും പറക്കുന്നത്. ക്ഷമയും ദുഃഖവും ഒന്നുപോലെ ചുമന്ന കവി. എഴുതാൻ കഴിയാത്ത കത്തുകളി ലൂടെ ഓരോ എഴുത്തുകാരനും നഷ്ടമാകുന്നതാണ് സ്വയം വിമർശനം. കീറ്റ്സിനെ സംബന്ധിച്ചുള്ള രണ്ട് ലേഖനങ്ങളും ഈ സത്യം സാക്ഷ്യപ്പെടുത്തുന്നു. മറ്റാരും കീറ്റ്സിനെ ഓർത്തില്ല. പ്രഭാതരശ്മിക്ക് അഭിനന്ദനം.

## ഒ.എൻ.വി യുവസാഹിത്യ പുരസ്കാരം 2020

ഒ.എൻ.വി.യുടെ സ്മരണാർത്ഥം എല്ലാവർഷവും കവിയുടെ ജന്മവാർഷികമായ മെയ് 27 നു നൽകി വരുന്ന മികച്ച യുവ കവിക്കുള്ള പുരസ്കാരത്തിനുള്ള എൻട്രികൾ ക്ഷണിച്ചു. ഏപ്രിൽ 16 ആണ് അവസാനദിനം. അൻപതിനായിരം രൂപയും ശില്പവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം.

മുപ്പത്തിയഞ്ചോ അതിൽ താഴെയോ പ്രായമുള്ളവരുടെ കവിതാ സമാഹാരമോ, പുസ്തകമായി പ്രസിദ്ധീകരിക്കാവുന്ന വിധത്തിലുള്ള പതിനഞ്ചിൽ കുറയാത്ത കവിതകളോ ആയിരിക്കണം പരിഗണനക്കായി അയക്കേണ്ടത്. മൂന്ന് കോപ്പികൾ വയസ്സ് തെളിയിക്കുന്ന രേഖ സഹിതം ചുവടെയുള്ള വിലാസത്തിൽ ഏപ്രിൽ 16നകം നൽകണമെന്ന് ഒ.എൻ.വി. കൾച്ചറൽ അക്കാഡമി പ്രിസിഡന്റ് അടൂർ ഗോപാലകൃഷ്ണൻ അറിയിച്ചു.

**ഒ.എൻ.വി കൾച്ചറൽ അക്കാദമി,**
**ഉജ്ജയിനി ഭഗവതി ലേയ്ൻ പൈപ്പിൻമൂട്,**
**ശാസ്തമംഗലം, തിരുവനന്തപുരം-695 010**

**അക്കവിത വീണ്ടും**

കഴിഞ്ഞലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്ന കെ.പി. ജയശങ്കർ മുംബൈ വിവർത്തനം ചെയ്ത ഫെയ്സ് അഹമ്മദ് ഫെയിസിന്റെ ***നമ്മൾ കണ്ടിരിക്കും*** എന്ന കവിതയിൽ തെറ്റുകൾ കടന്ന് കൂടിയതിൽ മാന്യവായ നക്കാർ പൊറുക്കണെമെന്നപേക്ഷ.

**എക്സി. എഡിറ്റർ**